# ഇബ്റാഹീം സഈദ് സാഹിബിനെ ഓർക്കുമ്പോൾ

അന്തരിച്ച ജമാഅത്തെ ഇസ്‌ലാമി കർണാടക-ഗോവ മുൻ അമീർ ഇബ്റാഹീം സഈദ് സാഹിബിനെക്കുറിച്ച് ചില ഓർമകൾ പങ്കുവെക്കുകയാണ്. മംഗലാപുരത്തെ തീരപ്രദേശത്തും കുടഗ് ജില്ലയിലും പ്രസ്ഥാനത്തെ ജനകീയമാക്കിയതിൽ സഈദ് സാഹിബിന്റെ പങ്ക് വളരെ വലുതാണ്. 1984-ൽ കർണാടക ജമാഅത്ത് നടത്തിയ 'കോമു സൗഹാർദ മത്തു ചാരിത്ര്യ നിർമാണ' കാമ്പയിൻ വമ്പിച്ച ജനസമ്മിതി നേടുകയുണ്ടായി. ആ സമയത്തു തന്നെയാണ് ഇബ്റാഹീം സഈദ് സാഹിബ് അതേ പേരിൽ ഒരു പുസ്തകം എഴുതിയതും. കാമ്പയിൻ കാലത്ത് അദ്ദേഹം നടത്തിയ ഖുർആൻ ക്ലാസ്സുകളിൽ ഏകദൈവത്വം, പ്രവാചകത്വം, പരലോകം തുടങ്ങിയ ഇസ്‌ലാമിന്റെ അടിസ്ഥാന പാഠങ്ങൾ ആധുനിക ശാസ്ത്രത്തിന്റെയും ഇതര മതഗ്രന്ഥങ്ങളുടെയും വെളിച്ചത്തിൽ വളരെ യുക്തിഭദ്രമായാണ് അവതരിപ്പിക്കപ്പെട്ടിരുന്നത്. ഈ കാമ്പയിൻ കർണാടകയിലെ 28 ജില്ലകളിലും വൻ വിജയം തന്നെയായിരുന്നു. അറിയപ്പെടുന്ന യുക്തിവാദികളും മതനേതാക്കളും മുതിർന്ന സാഹിത്യകാരന്മാരും പരിപാടികളിൽ നിരവധി സംശയങ്ങൾ ഉന്നയിച്ചു. അവക്കെല്ലാം പ്രസന്നഭാവത്തോടെ, ശാന്തനായി ഇബ്റാഹീം സഈദ് സാഹിബിന്റെ കുറിക്ക് കൊള്ളുന്ന മറുപടികൾ. പലിശയുടെ കണക്ക് എഴുതേണ്ടിവരും എന്ന കാരണത്താൽ പ്രസ്ഥാനത്തിലേക്ക് കടന്നുവന്നപ്പോൾ ബാങ്കിലെ ഉയർന്ന ഉദ്യോഗം അദ്ദേഹം വേണ്ടെന്നുവെക്കുകയായിരുന്നു. പലിശയുടെ വിപത്തിനെക്കുറിച്ച് ഒരു പുസ്തകവും എഴുതിയിട്ടുണ്ട്- 'ബാങ്കിന ബഡ്ഡി' (കന്നട). 'ബാങ്കിൽ ജോലിചെയ്ത ആ ചെറിയ കാലയളവും ഇസ്‌ലാമിക പ്രസ്ഥാനത്തിന് നൽകാൻ സാധിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു' എന്ന് അദ്ദേഹം പറയുമായിരുന്നു. വ്യക്തികളെ കണ്ടെത്തി അവരുടെ കഴിവ് തിരിച്ചറിഞ്ഞ് പോഷിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു. 1989-ൽ ഞാൻ മംഗലാപുരത്ത് ഒരു ക്ലാസ് നടത്തിയപ്പോൾ, അദ്ദേഹം എന്നെ വിളിച്ച് വരുത്തി കന്നട ഭാഷയിലുള്ള ഗ്രന്ഥങ്ങളും മറ്റും കൂടുതൽ വായിക്കണമെന്ന് നിർദേശിക്കുകയുണ്ടായി. ആ നിർദേശം എന്റെ പ്രാസ്ഥാനിക ജീവിതത്തിൽ വളരെ ഫലപ്പെടുകയുണ്ടായി. സഹോദരസമുദായങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിൽ വലിയ ഉത്സാഹവും ആവേശവുമായിരുന്നു അദ്ദേഹത്തിന്. കേരളത്തിന്റെ അഞ്ചിരട്ടി വലുപ്പമുള്ള കർണാടക സംസ്ഥാനത്തിന്റെ ഒരു ഗ്രാമത്തിൽപോലും ഇബ്റാഹീം സഈദ് സാഹിബ് പരിചയപ്പെടാത്ത സ്വാമിമാർ ഉണ്ടോ എന്ന് സംശയമാണ്. നേരെ മറിച്ചും. കഴിഞ്ഞ വർഷം ഏപ്രിൽ 23-ന് ബാംഗ്ലൂരിൽ സംഘടിപ്പിച്ച 'കർണാടക ധാർമിക സൗഹാർദ വേദികെ' ഇതിന് മികച്ച ഉദാഹരണമാണ്. പത്ര പ്രവർത്തനത്തിൽ ബിരുദമൊന്നുമില്ലെങ്കിലും *സന്മാർഗ*യെ അദ്ദേഹം 30 വർഷം നയിച്ചു. നബിവചനത്തെ അന്വർഥമാക്കുംവിധം തികച്ചും ഒരു യാത്രക്കാരനെപ്പോലെ ജീവിച്ച സഈദ് സാഹിബിന് സ്വന്തമായി ഒരു വീട് പോലുമില്ലായിരുന്നു. കർണാടകയിലെ ഇസ്‌ലാമിക ചലനങ്ങൾക്ക് ശക്തമായ ദിശാബോധം നൽകിയാണ് അദ്ദേഹം യാത്രയായത്. അദ്ദേഹം പറയുമായിരുന്നു; കർണാടകയുടെ മണ്ണ് കുതിർന്ന മണ്ണാണ്, ഈ മണ്ണിൽ കൃഷി എളുപ്പമാണ്. അമീറായിരുന്ന 4 വർഷം കർണാടകയുടെ ഒരറ്റത്തുനിന്ന് മറ്റേ അറ്റം വരെ അക്ഷീണം ഓടിനടന്നു. രോഗം ബാധിച്ചപ്പോഴും വിശ്രമിച്ചില്ല. രോഗശയ്യയിൽ കിടന്നുതന്നെ *പ്രജാവാണി* പത്രത്തിലെ കോളത്തിലേക്ക് എഴുതിയയച്ചു. അതിൽ രണ്ടെണ്ണം മരണശേഷമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. മംഗലാപുരത്ത് തലയുയർത്തിനിൽക്കുന്ന ജമാഅത്തിന്റെ ആസ്ഥാനമായ 'ഹിദായത്ത് സെന്ററും' 'ശാന്തി പ്രകാശന' എന്ന പ്രസിദ്ധീകരണാലയവും മഹാനായ ആ ഇസ്‌ലാമിക പ്രബോധകന്റെ നിത്യസ്മാരകങ്ങളാണ്.

**പി.കെ അബ്ദുർറഹ്മാൻ**
**വീരാജ്പേട്ട**

# സേവനമേഖലയിലെ പബ്ലിസിറ്റി

സാമൂഹികസേവനം ഇസ്‌ലാമിക സംസ്കൃതിയുടെ ഭാഗമാണ്. ദാനധർമങ്ങളുടെയും മറ്റു സേവനങ്ങളുടെയും യഥാർഥ മൂല്യം കുടികൊള്ളുന്നത് അതിന്റെ ഉദ്ദേശ്യ ശുദ്ധിയിലാണ്. ഒരു മനുഷ്യന്റെ വലതു കൈ ദാനം ചെയ്യുമ്പോൾ അയാളുടെ ഇടതു കൈ പോലും അതറിയാനിടവരരുത് എന്നാണ് ഇസ്‌ലാമികാധ്യാപനം.

*പ്രബോധന*ത്തിന്റെ കഴിഞ്ഞ ഏതാനും ലക്കങ്ങളിൽ ഇസ്‌ലാമിക പ്രവർത്തകർ നിർമിച്ചു നൽകിയ വീടുകളുടെ താക്കോൽ ദാന ചടങ്ങുകളുടെ റിപ്പോർട്ടുകൾ കണ്ടു. ചിത്രസഹിതം റിപ്പോർട്ട് കൊടുക്കുന്നതിന്റെ ഉദ്ദേശ്യം മറ്റുള്ളവർ അതിൽനിന്ന് പ്രചോദനമുൾക്കൊണ്ട് അവരും അതുപോലെയുള്ള, അല്ലെങ്കിൽ അതിനേക്കാൾ മികച്ച സേവനങ്ങൾ നടത്തട്ടെ എന്നതായിരിക്കും. എന്നാൽ ഇതിന് ചില മറുവശങ്ങളുണ്ട്.

ഒരു കുടുംബത്തിന് വീട് നിർമിച്ചുനൽകുന്നത് ഏറെ പുണ്യകരവും ആ കുടുംബത്തെ സംബന്ധിച്ചേടത്തോളം വലിയ അനുഗ്രഹവുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട പരിപാടിയുടെ ഫോട്ടോയും മറ്റും പ്രസിദ്ധീകരിച്ചുവരുമ്പോൾ ആ കുടുംബത്തിന്റെ അഭിമാനത്തിന് ചെറിയ തോതിലെങ്കിലും പോറലേൽക്കുന്നില്ലേ? ഏഷണിയും കുശുമ്പും അസൂയയും കൊണ്ടുനടക്കുന്നവർ ഇത്തരം വാർത്തകളും ഫോട്ടോകളും ദുരുപയോഗം ചെയ്യുമെന്നതിന് ചില അനുഭവങ്ങളെങ്കിലുമുണ്ട്. ഇവ്വിഷയക്കമായി ഒരു പുനരാലോചന ആവശ്യമില്ലേ?

**പി.കെ.എൻ ഫറോക്ക്**
**തോട്ടാടിപ്പാലം**

## കത്തുകൾ



# മദ്റസാ പഠനത്തിലെ അപാകങ്ങൾ

**മദ്റസാ** പഠനത്തെക്കുറിച്ച കവർസ്റ്റോറി(ലക്കം 46)യാണ് ഈ കുറിപ്പിന് ആധാരം. വിഷയം ചില മദ്റസാധ്യാപകരുമായി ചർച്ച ചെയ്തപ്പോൾ കിട്ടിയ വിവരങ്ങൾ പങ്കുവെക്കാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, മദ്റസാധ്യാപകർക്ക് വേണ്ടത്ര ആത്മവിശ്വാസമില്ല. മതിയായ പരിശീലനമോ വിദ്യാർഥികളുമായി ആരോഗ്യപരമായി ഇടപെടാനുള്ള അവസരമോ ലഭിക്കുന്നില്ല. പഠനം അധ്യാപകർക്കും വിദ്യാർഥികൾക്കും ഒരുപോലെ വിരസവും 'കടമ നിർവഹിക്കലു'മായി അനുഭവപ്പെടുന്നു. പഠനരീതിയും സിലബസ്സും കാര്യമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്തവയായതാണ് കാരണം. ആധുനികപ്രശ്നങ്ങളുടെ ഇസ്‌ലാമിക മാനം പകർന്നുകൊടുക്കാൻ എല്ലാ അധ്യാപകർക്കും കഴിവില്ല.

നമ്മുടെ നാട്ടിലെ ദർസുകളുൾപ്പെടെയുള്ള മതപാഠശാലകളിൽ നിശ്ചിത ഗ്രന്ഥങ്ങൾ മാത്രമാണ് ആശ്രയിക്കുന്നത്. അങ്ങനെയാകുമ്പോൾ വിഷയങ്ങളുടെ വിശാലതയും ആശയവൈപുല്യവും അവിടെനിന്ന് പഠിച്ചിറങ്ങുന്ന മദ്റസാധ്യാപകർക്ക് മനസ്സിലാകാതെ പോകുന്നു. പാഠങ്ങൾ അടിച്ചേൽപിക്കുന്നതിനപ്പുറം കുട്ടികളുടെ പ്രായോഗിക ജീവിതം, പ്രത്യേകിച്ച് കർമാനുഷ്ഠാനങ്ങളുടെ കാര്യത്തിൽ ശ്രദ്ധിക്കാനും അധ്യാപകർ അവസരം കാണണം.

മൗലികമായ സിലബസ് പരിഷ്കരണത്തിലൂടെയും അധ്യാപകപരിശീലനപരിപാടികളിലൂടെയും ഒരുപരിധിവരെ മുന്നേറാൻ കഴിയുമെന്ന് അധ്യാപകർ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു.

**എം.എ അമീൻ, ഈരാറ്റുപേട്ട**

## പരസ്യങ്ങളിൽ സൂക്ഷ്മത പുലർത്തണം

*പ്രബോധന*ത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു പരസ്യമാണ് (മാർച്ച് 31) ഈ കുറിപ്പിന് പ്രേരകം. ചൈന, റഷ്യ എന്നീ നാടുകളിൽ എം.ബി.ബി.എസ്സിന് സീറ്റ് തരപ്പെടുത്തിക്കൊടുക്കുന്നുവെന്നാണതിലെ പ്രമേയം. പ്രസ്തുത നാടുകളിലെ മെഡിക്കൽ കോഴ്സ് വേണ്ടത്ര നിലവാരമുള്ളതല്ലെന്ന് ഇന്ത്യയിലും വിദേശനാടുകളിലുമുള്ള അനുഭവസ്ഥർ അഭിപ്രായപ്പെടുന്നുണ്ട്. പഠനമാധ്യമം ഇംഗ്ലീഷല്ലെന്നതും വലിയ പ്രശ്നമാണ്. ഇത്തരം കോഴ്സുകൾ പാസ്സായവർ ഇന്ത്യയിൽ പ്രാക്ടീസ് ചെയ്യാൻ സ്ക്രീനിംഗ് ടെസ്റ്റിന് വിധേയമാകേണ്ടതുണ്ട്. അത് എളുപ്പം സാധിക്കുന്നതല്ല. പലവിധ സങ്കീർണതകളും അതിനുണ്ട്. ഹൗസ് സർജൻസിയുടെ കാര്യത്തിലും ചില പ്രയാസങ്ങളുണ്ട്. ഇന്ത്യയിലെ All India Medical Council ചൈന, റഷ്യ എന്നിവിടങ്ങളിലെ M.B.B.S ബിരുദത്തെ എങ്ങനെ കാണുന്നുവെന്നതും പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇവിടങ്ങളിൽ പഠിച്ചുവരുന്നവരുടെ അനുഭവങ്ങൾ അത്ര പ്രതീക്ഷാജനകമല്ല. സർവോപരി അവിടങ്ങളിലെ കലാലയാന്തരീക്ഷം സദാചാരപരമായി ഒട്ടും സുരക്ഷിതമല്ല. *പ്രബോധന*ത്തെ മതിപ്പോടെ കാണുന്നവരുടെ ഉത്തമ വിശ്വാസത്തെ ചൂഷണം ചെയ്യുന്നത് ഖേദകരമാണ്. ഇത്തരം പരസ്യങ്ങളുടെ കാര്യത്തിൽ കർശനമായ സൂക്ഷ്മത പുലർത്തണമെന്ന് അഭ്യർഥിക്കുന്നു.

**അബ്ദുർറഹ്മാൻ അഹ്മദ്, മാഹി**

## പ്രതികാരത്തിലെ വൈകൃതം

**പ്രതിരോധം** സ്വരക്ഷക്കുള്ള സംവിധാനമാണെങ്കിൽ ഏതു വ്യവസ്ഥിതിയും അതനുവദിക്കുന്നുണ്ട്. എന്നാൽ പകയും വിദ്വേഷവും നിറഞ്ഞ കലുഷമനസ്സിന്റെ അപക്വമായ ബാഹ്യപ്രകടനമായ പ്രതികാരമാകട്ടെ, അതിലടങ്ങിയിരിക്കുന്ന സ്വഭാവവൈകൃതം കൊണ്ടുതന്നെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. യുദ്ധമുഖത്തു പോലും വ്യക്തിവിദ്വേഷം മൂലം കർമങ്ങൾ പങ്കിലമാകാതിരിക്കാൻ സ്വഹാബിമാർ ജാഗ്രത പുലർത്തിയിരുന്നു. ശത്രുവിന്റെ കഴുത്തിനു നേരെ വാളോങ്ങവെ മുഖത്തേക്ക് കാർക്കിച്ചുതുപ്പിയ ശത്രുവിനെ വെറുതെ വിട്ട് തിരിഞ്ഞുനടന്ന അലി(റ) പിന്നീട് അതേക്കുറിച്ച് പ്രതികരിച്ചത്, ആ സമയം ശത്രുവിനെ വധിക്കുകയായിരുന്നുവെങ്കിൽ ഒരുപക്ഷേ മുഖത്ത് തുപ്പിയതിന്റെ പ്രതികാരമാകുമോയെന്ന് ഞാൻ ഭയപ്പെട്ടു എന്നായിരുന്നു.

ഡെന്മാർക്കിലെ പത്രത്തിന്റെ പ്രവാചകനിന്ദക്കെതിരെ മുസ്‌ലിം ലോകമൊന്നടങ്കം പ്രതിഷേധിച്ചിട്ടും കുലുങ്ങാത്ത അവിടത്തെ ഗവൺമെന്റിന് മൂക്കുകയറിടാൻ ഉൽപന്ന ബഹിഷ്കരണമെന്ന പ്രതിരോധത്തിലൂടെ സാധിച്ചപ്പോൾ ഒരു മൊട്ടുസൂചിപോലും കൈയിലേന്തേണ്ടിവന്നില്ലെന്ന സത്യം കാണാതിരുന്നുകൂടാ. മറിച്ചായിരുന്നുവെങ്കിൽ ആടിനെ പേപ്പട്ടിയാക്കാൻ തൽപരകക്ഷികൾക്ക് സാധിക്കുമായിരുന്നുവെന്ന് പ്രതിരോധം ആയുധബലം കൊണ്ടുമാത്രം നടക്കേണ്ടതാണെന്ന് പ്രചരിപ്പിക്കുന്നവർ മനസ്സിലാക്കണം. എന്തൊക്കെ പോരായ്മകളുണ്ടെങ്കിലും ഒരു നാട്ടിലെ നിയമവ്യവസ്ഥയെ വെല്ലുവിളിച്ച് പ്രതികാരത്തിനിറങ്ങുന്നവർ ഇരിക്കുന്ന ശിഖരം തന്നെയാണ് മുറിക്കുന്നതെന്ന സത്യം ഉൾക്കൊള്ളണം. അതിനു വേണ്ടത് കേവല അറിവല്ല, വിവേകപൂർണമായ ജ്ഞാനത്തോടൊപ്പം ലഭിക്കുന്ന അറിവിലെ തിരിച്ചറിവാണ്. അതു പക്ഷേ, ക്ഷമയുടെയും സഹനത്തിന്റെയും മാനസികാവസ്ഥയിൽ മാത്രമേ രൂപം കൊള്ളുകയുള്ളൂ.

**വി.കെ അബ്ദുൽ ജബ്ബാർ, ചേന്ദമംഗലം**


## സോഷ്യൽ അഡ്വാൻസ്മെന്റ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ

**കോഴിക്കോട്** രാമനാട്ടുകരക്കടുത്ത് വാഴയൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ് Social Advancement Foundation of India (SAFI). ഇസ്‌ലാമിക പ്രതിബദ്ധതയും നേതൃശേഷിയുമുള്ള ഉന്നത ബിരുദധാരികളെ വാർത്തെടുക്കുകയാണ് SAFI-യുടെ ലക്ഷ്യം. തദാവശ്യാർഥം വാഴയൂർ ആസ്ഥാനമായി വിശാലമായ സ്ഥലത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന വിപുലമായ സ്ഥാപന സമുച്ചയത്തിന്റെ ആദ്യഘട്ടമായി കഴിഞ്ഞ വർഷം മുതൽ ഈ കോഴ്സുകൾ ആരംഭിച്ചിരിക്കുന്നു: B.Sc Bio Chemistry, B.Sc Microbiology, B.Sc Plant Science, B.Sc Bio Technology, M.Sc General Bio Technology, M.Sc Bio informatics, Mass Communication & Journalism, M.A Islamic Studies. കഴിവും യോഗ്യതയുമുള്ള വിദ്യാർഥികൾക്ക്, സാമ്പത്തിക പരാധീനതകൾ തടസ്സമാകരുതെന്ന ഉദ്ദേശ്യത്തോടെ, SAFI സ്കോളർഷിപ്പുകൾ നൽകാനും തീരുമാനിച്ചിട്ടുണ്ട്. താൽപര്യമുള്ളവർ താഴെ വിലാസത്തിൽ ബന്ധപ്പെടണമെന്ന് SAFI ചെയർമാൻ ഡോ. മുഹമ്മദലി (ഗൾഫാർ) അറിയിച്ചു.

Social Advancement Foundation of India (SAFI),
Vazhayoor East P.O, Ramanattukara (Via),
Malappuram - 673 633.
Ph: +91 -495-3263853, 3093503.
E-mail: mail@safindia.org. www.safindia.org.